**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 514** **06-12-2022 - ൽ മറുപടിയ്ക്ക്**

**പ്രാദേശിക വികസന ഫണ്ട് (എസ്.ഡി.എഫ്) പ്രകാരം സേവിംഗ്സ് വരുന്ന തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ (എസ്.ഡി.എഫ്) പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ സേവിംഗ്സ് ലഭിച്ച തുകയിൽ നിന്നും പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ; | (എ) | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി)നം.161/2017/ധന പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല. ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷത്തിനുള്ളിൽ പുറപ്പെടുവിക്കേണ്ടതാണെന്ന് 12.12.2018 ലെ സ.ഉ(അച്ചടി)നം.194/2018/ധന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതിനാൽ ഒരു വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയിൽ മിച്ചം വരുന്ന തുക ഉപയോഗിച്ച് അടുത്ത രണ്ട് സാമ്പത്തിക വർഷത്തിനുള്ളിൽ തൻ വർഷത്തെ തുകയ്ക്ക് പുറമെ ഭരണാനുമതി പുറപ്പെടുവിക്കാവുന്നതാണ്. |
| (ബി) | പ്രാദേശിക വികസന ഫണ്ട് (എസ്.ഡി.എഫ്) പ്രകാരം സേവിംഗ്സ് വരുന്ന തുക വിനിയോഗിക്കുന്നതിന് പ്രത്യേക ഉത്തരവ് നൽകിയിട്ടുണ്ടോ; ഉത്തരവിന്റെ നമ്പർ, തീയതി എന്നിവ വിശദമാക്കുമോ? | (ബി) | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി)നം.161/2017/ധന പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല. ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷത്തിനുള്ളിൽ പുറപ്പെടുവിക്കേണ്ടതാണെന്ന് 12.12.2018 ലെ സ.ഉ(അച്ചടി)നം.194/2018/ധന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതിനാൽ ഒരു വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയിൽ മിച്ചം വരുന്ന തുക ഉപയോഗിച്ച് അടുത്ത രണ്ട് സാമ്പത്തിക വർഷത്തിനുള്ളിൽ തൻ വർഷത്തെ തുകയ്ക്ക് പുറമെ ഭരണാനുമതി പുറപ്പെടുവിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ